

# സിനിമയായതിന്റെ കഥ


> നാടിന്റെ പഴയ വിശ്വാസ പ്രമാണങ്ങളും കടലമ്മയെ ചുറ്റിപ്പറ്റിയുള്ള കഥകളും സിനിമയുടെ ഗതി നിർണ്ണയിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. അനാഥനായ പളനിയും നീർക്കുന്നം കടപ്പുറത്ത് പാടി നടക്കുന്ന കാമുകൻ പരീക്കുട്ടിയും കാമുകി കറുത്തമ്മയും പണത്തിന് മുമ്പിൽ മനുഷ്യനെ മറക്കുന്ന ചെമ്പൻ കുഞ്ഞും ഭാര്യ ചക്കിയുമൊക്കെ മലയാളികളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ കഥാപാത്രങ്ങളാണ്. സിനിമയുടെ കഥ എല്ലാവർക്കുമറിയാം.

ഷഷ്ടിപൂർത്തിയായിട്ടും ഒരു ഇതിഹാസം പോലെ ജീവിക്കുകയാണ് ചെമ്മീൻ. തകഴി രചിച്ച ആ നോവലിന്റെ കഥ എല്ലാവർക്കുമറിയാം. പക്ഷെ ചെമ്മീനിന് സെല്ലുലോയ്ഡിന്റെ ജന്മം നൽകിയതിന്റെ കഥ പലർക്കുമറിയില്ല. സംവിധായകൻ രാമുകാര്യാട്ടിന്റെ സുഹൃത്ത് വൈദ്യ നാഥ അയ്യരായിരുന്നു. ചിത്രം നിർമ്മിക്കാൻ ആദ്യം മുന്നോട്ടുവന്നത്. കാര്യത്തോടടുത്തപ്പോൾ അദ്ദേഹം പിൻമാറി. തുടർന്നാന്നാണ് മട്ടാഞ്ചേരിയിലെ ബാബു സേഠ് നിർമ്മാണം ഏറ്റെടുത്തത്. അദ്ദേഹത്തിന് ഒറ്റ ഡിമാന്റ് മാത്രം - ചിത്രം ചരിത്രത്തിന്റെ ഭാഗമാകണം. അത് സംഭവിക്കുക തന്നെ ചെയ്തു.

അറുപതുകളിലെ മലയാള സിനിമയിൽ ലക്ഷണമൊത്തതെന്ന് വിശേഷിപ്പിക്കാവുന്ന സിനിമയാണ് ചെമ്മീൻ. മലയാളത്തിന് ആദ്യമായി രാഷ്ട്രപതിയുടെ സ്വർണ്ണമെഡൽ നേടിക്കൊടുത്ത ചിത്രം. ചെമ്മീനിലെ പ്രധാന കഥാപാത്രം കടൽ തന്നെയാണ്. നാടിന്റെ പഴയ വിശ്വാസ പ്രമാണങ്ങളും കടലമ്മയെ ചുറ്റിപ്പറ്റിയുള്ള കഥകളും സിനിമയുടെ ഗതി നിർണ്ണയിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. അനാഥനായ പളനിയും നീർക്കുന്നം കടപ്പുറത്ത് പാടി നടക്കുന്ന കാമുകൻ പരീക്കുട്ടിയും കാമുകി കറുത്തമ്മയും പണത്തിന് മുമ്പിൽ മനുഷ്യനെ മറക്കുന്ന ചെമ്പൻ കുഞ്ഞും ഭാര്യ ചക്കിയുമൊക്കെ മലയാളികളുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയ കഥാപാത്രങ്ങളാണ്. സിനിമയുടെ കഥ എല്ലാവർക്കുമറിയാം. പക്ഷേ സിനിമ നിർമ്മിച്ചതിന്റെ കഥ പലർക്കുമറിയില്ല. മട്ടാഞ്ചേരി ദിവാൻസ് റോഡിലെ ഒരു സമ്പന്ന കുടുംബാംഗമായിരുന്ന ഇസ്മയിൽ ബാബു സേഠ് ചെമ്മീന്റെ നിർമ്മാതാവായതിന് പിന്നിലുള്ള രസകരമായ കഥയാണിത്.

കണ്മണി ബാബു എന്നറിയപ്പെട്ടിരുന്ന ഈ ചെറുപ്പക്കാരൻ സിനിമയിലും സാഹിത്യത്തിലുമൊക്കെ താത്പര്യമുള്ള വ്യക്തിയായിരുന്നു. അന്നത്തെ എല്ലാ ചെറുപ്പക്കാരെയും പോലെ സിനിമാക്കാരോട് ഒരു പ്രത്യേക ആരാധനയും അദ്ദേഹം വച്ചുപുലർത്തിയിരുന്നു.

ഒരു സുഹൃത്ത് വഴിയാണ് സംവിധായകൻ രാമുകാര്യാട്ടിനെ ബാബു സേഠ് പരിചയപ്പെട്ടത്. കാര്യാട്ട് അപ്പോൾ തകഴിയുടെ ചെമ്മീൻ എന്ന നോവൽ സിനിമയാക്കാനുള്ള തയ്യാറെടുപ്പിലായിരുന്നു. കാര്യാട്ടിന്റെ സുഹൃത്ത് വൈദ്യ നാഥ അയ്യരാണ് നിർമ്മാതാവ്. അദ്ദേഹത്തിന്റെ മകൾ കൺമണിയുടെ പേരിൽ ഒരു ബാനർ രജിസ്റ്റർ ചെയ്ത് നിർമ്മാണത്തിന്റെ പ്രാരംഭ ജോലികൾ തുടങ്ങിയിരുന്നു. ശുഭപര്യവസാനമുള്ള ചിത്രങ്ങളാണ് അക്കാലത്ത് പ്രേക്ഷകർ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത്. എന്നാൽ നായകനും നായികയും മരിച്ചുപോകു



ന്ന ദു:ഖപര്യവസായിയായ ചെമ്മീൻ പ്രേക്ഷകർ സ്വീകരിക്കുമോ എന്ന ആശങ്കയിൽ ഒരു സുപ്രഭാതത്തിൽ വൈദ്യനാഥയ്യർ നിർമ്മാണത്തിൽ നിന്നും പിന്മാറി.

ചെമ്മീനിന്റെ ലഹരി തലയ്ക്ക് പിടിച്ച കാര്യാട്ട് ചിത്രം സ്വന്തമായി നിർമ്മിക്കാൻ തീരുമാനിച്ചു. ഈ സമയത്താണ്ദൈവദൂതനെ പോലെ ബാബു സേഠ് മുന്നിലെത്തിയത്. സമ്പന്നനായ സേഠ് ചിത്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള പണവും വാഗ്ദാനം ചെയ്തു. അദ്ദേഹത്തിന് ഒറ്റ നിബന്ധന മാത്രമെ ഉണ്ടായിരുന്നുള്ളൂ. തന്റെ സിനിമ മലയാള സിനിമയുടെ ചരിത്രത്തിന്റെ ഭാഗമാകണം. മലയാളികൾ എക്കാലത്തും ഈ സിനിമയെക്കുറിച്ച് ചർച്ച ചെയ്യണം.

ചെമ്മീനിന്റെ ലഹരി തലയ്ക്ക് പിടിച്ച കാര്യാട്ട് ചിത്രം സ്വന്തമായി നിർമ്മിക്കാൻ തീരുമാനിച്ചു. ഈ സമയത്താണ്ദൈവദൂതനെ പോലെ ബാബു സേഠ് മുന്നിലെത്തിയത്. സമ്പന്നനായ സേഠ് ചിത്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള പണവും വാഗ്ദാനം ചെയ്തു. അദ്ദേഹത്തിന് ഒറ്റ നിബന്ധന മാത്രമെ ഉണ്ടായിരുന്നുള്ളൂ. തന്റെ സിനിമ മലയാള സിനിമയുടെ ചരിത്രത്തിന്റെ ഭാഗമാകണം. മലയാളികൾ എക്കാലത്തും ഈ സിനിമയെക്കുറിച്ച് ചർച്ച ചെയ്യണം.

പിന്നീടുള്ള കാര്യങ്ങളെല്ലാം ദ്രുതഗതിയിലായിരുന്നു. ബാബു സേഠിന്റെ പിൻബലത്തോടെ അന്നത്തെ പേരുകേട്ട് സാങ്കേതിക വിദഗ്ധരെല്ലാം രാമുകാര്യാട്ട് അണിനിരത്തി. ഹോളിവുഡ്ഡിലെ പ്രശസ്ത ക്യാമറാമാൻ മാർക്കസ് ബെർട്ട്‌ലി, എഡിറ്റർ ഋഷികേശ്, മുഖർജി, സംഗീത സംവിധായകൻ സലിൽ ചൗധരി, ഗായകൻ മന്നാഡെ....

ഈണത്തിനനുസരിച്ച് പാട്ടെഴുതുന്ന രീതി മലയാളത്തിൽ ആരംഭിച്ചത്, ചെമ്മീനിലൂടെയാണ്. സലിൽ ചൗധരി കൊടുത്ത ശീലുകൾക്കനുസരിച്ച് വയലാർ എഴുതിയ എല്ലാ ഗാനങ്ങളും സൂപ്പർഹിറ്റുകളായി. നിരാശാ കാമുകന്മാരുടെ ഹൃദയവേദനയായി മാറിയ മാനസമൈനേ എന്ന ഗാനം പാടിയത് ബംഗാളി ഗായകനായ മന്നാഡെ ആയിരുന്നു. മലയാളം നാവിന് വഴങ്ങുന്നില്ലെന്ന് പറഞ്ഞ് ആദ്യം അദ്ദേഹം പിൻമാറി. പക്ഷെ മന്നാഡെയുടെ മലയാളിയായ ഭാര്യ കണ്ണൂർ സ്വദേശിനി സുലോചന കൊടുത്ത പ്രോത്സാഹനത്താൽ അവസാനം അദ്ദേഹം തന്നെ ആ പാട്ട് പാടി വിജയിപ്പിച്ചു. പാട്ടെഴുതേണ്ടത് ഒ.എൻ.വി.യായിരുന്നെങ്കിലും അദ്ദേഹം പിന്മാറി.

തകഴി രചിച്ച കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ ചെമ്മീൻ എന്ന നോവലിന് ഇതിവൃത്തമായത് കേരളത്തിലെ തുറകളിൽ നിലനിന്നിരുന്ന ഒരു വിശ്വാസമാണ്. കടലിൽ പോകുന്ന മുക്കുവന്റെ ജീവൻ കരയിലിരിക്കുന്ന അരയത്തിപ്പെണ്ണിന്റെ ചാരിത്ര്യത്തിലാണെന്ന വിശ്വാസത്തെ മനോഹരമായ ഒരു ഗാനത്തിലൂടെ അവതരിപ്പിച്ചത് ഇന്നും ഒരു വിസ്മയം തന്നെയാണ്. യേശുദാസും പി. ലീലയും ഉദയഭാനുവും ശാന്ത പി. നായരും ചേർന്നാണ് ഈ ഗാനം ആലപിച്ചത്.

1965 ആഗസ്റ്റ് 19ന് ചെമ്മീൻ തിയേറ്ററുകളിലെത്തി. ഒരു മലയാള സിനിമയുടെ പരസ്യം ബഹുവർണ്ണങ്ങളിൽ പത്രത്തിൽ അച്ചടിച്ചുവന്നത് ചെമ്മീനിലൂടെയാണ്. മലയാളികളുടെ മനസ്സിൽ ഇന്നും ആ വർണ്ണങ്ങൾ മാഞ്ഞുപോയിട്ടില്ല്.

മലയാള സിനിമയിലെ ഇതിഹാസമായി മാറിയ ചെമ്മീനിന് വയസ്സ് 60. സാംസ്ക്കാരിക കേരളം സമുചിതമായി തന്നെ ചെമ്മീനിന്റെ ഷഷ്ടിപൂർത്തി ആഘോഷിച്ചു. ചിത്രത്തിൽ പരീക്കുട്ടിയായി വേഷമിട്ട മധുവിന്റെ കണ്ണമ്മൂലയിലെ വസതിയിൽ നടന്ന പ്രധാന ആഘോഷ പരിപാടി സാംസ്ക്കാരിക മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. ഒട്ടേറെ ചലച്ചിത്രാസ്വാദകർ ആഘോഷത്തിൽ സംബന്ധിച്ചു.

വയലാർ എഴുതി സലിൽ ചൗധരി സംഗീതം നൽകി യേശുദാസും പി. ലീലയും ചേർന്ന് ആലപിച്ച പെണ്ണാളെ, പെണ്ണാളെ, കടലിനക്കരെ പോണോരെ എന്നീ ഗാനങ്ങൾ ആരാധകർ പാടി. മധു താളം പിടിച്ചു. സിനിമയിലെ കറുത്തമ്മയായ ഷീലയുടെ മകൻ വിഷ്ണു, വയലാറിന്റെ മകൻ ശരത് ചന്ദ്ര വർമ്മ, ചെമ്മീനിൽ അഭിനയിച്ച ആദ്യകാലനടി നിലമ്പൂർ അയിഷ, സിനിമയിൽ പളനിയായി വന്ന സത്യന്റെ മകൻ സതീഷ് സത്യൻ തുടങ്ങി നിരവധി പ്രമുഖർ പങ്കെടുത്തു.